പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1992 — 17.12.2012 ൽ മറുപടിക്ക്

## സെവൻസ് ഫുട്ബാൾ ടൂർണ്ണമെന്റ്

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
|---|---|
| (എ) കേരളത്തിൽ നടക്കുന്ന സെവൻസ് ഫുട്ബാൾ ടൂർണ്ണമെന്റുകളിൽ കളിക്കുന്നതിനായി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നടക്കമുള്ള വിദേശകളിക്കാർ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരം വിദേശകളിക്കാർക്ക് മതിയായ യാത്രാരേഖകൾ ഉണ്ടോയെന്ന കാര്യം പരിശോധിക്കാറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നല്കാമോ; | (ബി) ഫുട്ബോൾ കളിക്കുന്നതിനായി വരുന്ന വിദേശികളുടെ വിസ, പാസ്പോർട്ട്, ഉടമ്പടി രേഖകൾ എന്നിവ പരിശോധിക്കാറുണ്ട്. ഇവർ നിയമാനുസൃതമായ തൊഴിൽ വിസയിലാണോ വരുന്നതെന്ന് പരിശോധിക്കാറുണ്ട്. |
| (സി) 2011 നവംബർ മുതൽ 2012 മെയ് വരെയുള്ള മാസങ്ങളിൽ എത്ര വിദേശകളിക്കാർ കേരളത്തിൽ വന്നുവെന്നും എത്ര കാലം താമസിച്ചുവെന്നും വ്യക്തമാക്കാമോ; | (സി) 2011 നവംബർ മുതൽ 2012 മെയ് വരെ കേരളത്തിൽ വന്ന വിദേശ കളിക്കാരുടെ വിവരം പോലീസ് ജില്ലകളുടെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) ഈ വിദേശികൾക്ക് കേരളത്തിൽ എവിടെ താമസിക്കുന്നതിനാണ് അനുമതി നല്കിയിരുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) അതതു ജില്ലകളിൽ താമസിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത് |
| (ഇ) ഈ വിദേശകളിക്കാരിൽ ആരുടെയെങ്കിലും പേരിൽ എന്തെങ്കിലും ക്രിമിനൽ കുറ്റങ്ങൾ ചാർജ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നല്കാമോ; | (ഇ) ഇല്ല |

(മറുപുറം)

| | | |
|---|---|---|
| (എഫ്) | യാത്രാനുമതിയും റസിഡൻഷ്യൽ പെർമിറ്റുമില്ലാതെ ഏതെങ്കിലും വിദേശ കളിക്കാർ കേരളത്തിൽ വന്നിട്ടുണ്ടോ; ഇവരുടെ പേരിൽ എടുത്ത നടപടികൾ വിശദമാക്കാമോ; | (എഫ്) ഇല്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം

2011 നവംബർ മുതൽ 2012 മെയ് വരെ കേരളത്തിൽ വന്ന
വിദേശകളിക്കാരുടെ വിവരം

| പോലീസ് ജില്ല | കളിക്കാരുടെ എണ്ണം | രാജ്യം | കേരളത്തിൽ താമസിച്ച കാലയളവ് |
|---|---|---|---|
| കോഴിക്കോട് സിറ്റി | 1 | കെനിയ | ഒരു വർഷം താമസിച്ചിട്ടുണ്ട് |
| പാലക്കാട് | 2 | നൈജീരിയ | 10.11.2011 മുതൽ 24.09.2012 വരെ താമസിച്ചിട്ടുണ്ട്. |
| മലപ്പുറം | 4 | ലിബറിയ -3<br>നൈജീരിയ -1 | ഇപ്പോഴും മലപ്പുറം ജില്ലയിൽ താമസിച്ചുവരുന്നു. |
| തൃശ്ശൂർ സിറ്റി | 4 | ലിബറിയ -2<br>നൈജീരിയ -2 | 3 പേർ ഒരു വർഷത്തിനുള്ളിൽ തിരികെപ്പോയി. ഒരാൾ വിസാകാലാവധി നീട്ടുന്നതിന് അപേക്ഷിച്ച് താമസിച്ചു വരുന്നു. |
| എറണാകുളം | 3 | നൈജീരിയ | 22.09.2012 ഓടെ തിരികെപ്പോയി |

സെക്ഷൻ ഓഫീസർ